ഖുത്വ്ബ നമ്പർ
**15**
**15-04-2013**

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزيز
**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

# തിരഞ്ഞെടുപ്പും നമ്മുടെ ഉത്തരവാദിത്വവും

اِنَّ اللّٰهَ يَاْمُرُكُمْ اَنْ تُؤَدُّوا الْاَمٰنٰتِ اِلٰۤى اَهْلِهَا ۙ
وَاِذَا حَكَمْتُمْ بَيْنَ النَّاسِ اَنْ تَحْكُمُوْا بِالْعَدْلِ ؕ
اِنَّ اللّٰهَ نِعِمَّا يَعِظُكُمْ بِهٖ ؕ اِنَّ اللّٰهَ كَانَ سَمِيْعًۢا بَصِيْرًا ﴿۵۹﴾

ഈ വചനത്തിന്റെ അർത്ഥം ഇപ്രകാരമാകുന്നു. നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏൽപ്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ വിധി കല്പിക്കുമ്പോൾ നിങ്ങൾ നീതി പൂർവ്വം വിധി കല്പിക്കണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ല പോലെ കാണുന്നവനുമാകുന്നു.(4.59)

എല്ലാ ജമാഅത്തുകൾക്കും അറിവുള്ളത് പോലെ ഈ വർഷം ജമാഅത്തിന്റെ തിരഞ്ഞെടുപ്പിന്റെ വർഷമാണ്. ഓരോ മൂന്ന് വർഷങ്ങൾക്ക് ശേഷവും തിരഞ്ഞെടുപ്പ് നടക്കുന്നു. അമീറുമാരെയും പ്രസിഡന്റുമാരെയും മറ്റ് ഭാരവാഹികളെയും തിരഞ്ഞെടുക്കുന്നു. ചില ജമാഅത്തുകളിൽ തിരഞ്ഞെടുപ്പു ആരംഭിച്ചു കഴിഞ്ഞു. വലിയ ജമാഅത്തുകളിൽ മജ്ലിസെ ഇൻതിഖാബിനെ തിരഞ്ഞെടുക്കുന്നു. ഈ മജ്ലിസെ ഇൻതിഖാബ് പിന്നീട് തങ്ങളുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു.

ഏതായിരുന്നാലും ജമാഅത്തിന്റെ സംവിധാന പ്രക്രിയയെ ശരിയായ നിലയിൽ നടത്തിക്കൊണ്ടു പോകുന്നതിനായി ഈ തിരഞ്ഞെടുപ്പ് അനിവാര്യമാകുന്നതോടൊപ്പം തന്നെ ഇതിന്റെ പ്രവർത്തനങ്ങളെ ഉത്തമമായ നിലയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിനും, ഭാരവാഹിത്വത്തിന്റെ കടമകൾ നിറവേറ്റുന്നതിനുമായി അനുയോജ്യരായ വ്യക്തികളെ തിരഞ്ഞെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു ഇക്കാര്യത്തിലേക്ക് വിശ്വാസികളുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. നിങ്ങൾ എത്തരത്തിലുള്ള ഭാരവാഹികളെയാണ് തിരഞ്ഞെടുക്കേണ്ടത് എന്നതിനെ സംബന്ധിച്ച് വിശദമായ നിലയിൽ പരാമർശിക്കുന്നുണ്ട്. ഭാരവാഹിത്വം ഏൽക്കുക എന്നത് മാത്രമല്ല അതിന്റെ കടമകളും നിറവേറ്റേണ്ടത് അനിവാര്യമാണെന്ന് ഭാരവാഹികളെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. കടമകൾ നിറവേറ്റുന്നില്ലായെങ്കിൽ അല്ലാഹുവിന്റെ അനിഷ്ടം സമ്പാദിക്കുന്നവരായിത്തീരും. ഞാൻ പാരായണം ചെയ്ത ഈ വചനത്തിൽ ഇതിനെ വിശദീകരിക്കുന്നുണ്ട്. ഇതിൽ പരാമർശിക്കപ്പെട്ട ആദ്യ ഉത്തരവാദിത്വം സമ്മതിദാനാവകാശം വിനിയോഗിക്കുന്നവർക്കുള്ളതാണ്. പറയുന്നു, ഭാരവാഹിത്വം ഒരു അമാനത്ത് (സൂക്ഷിപ്പ് മുതൽ) ആകുന്നു. അതിനാൽ നിങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും ഉത്തമരായ വ്യക്തിക്ക് വേണ്ടി തന്റെ വോട്ട് വിനിയോഗിക്കേണ്ടതാണ്. നിങ്ങൾ വോട്ടു ചെയ്യുന്ന, വോട്ടു ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തി ഈ ഉത്തരവാദിത്വത്തിന് അർഹനാണോ അല്ലേ എന്നതിനെ സംബന്ധിച്ച് മുൻകൂട്ടി തന്നെ അവലോകനം നടത്തേണ്ടതാണ്. എത്ര വലിയ ഉത്തരവാദിത്വമാണോ ആരെയെങ്കിലും ഏൽപ്പിക്കുന്നതിനു വേണ്ടി കാലത്തിന്റെ ഖലീഫക്ക് അഭിപ്രായം നൽകുന്നതിനായി നിങ്ങൾ ഒരുമിച്ച് കൂടിയിരിക്കുന്നത് അത്ര തന്നെ വലിയ ആലോചനയുടെയും ദു:ആയുടെയും ആവശ്യമുണ്ട്.

ഇന്ന വ്യക്തിയെ തനിക്ക് ഇഷ്ടമാണ് അതു കൊണ്ട് വോട്ടു നൽകാം, അല്ലെങ്കിൽ ഇന്ന വ്യക്തി എന്റെ സ്വന്തക്കാരനാണ് അതിനാൽ വോട്ടുചെയ്യാം, അല്ലെങ്കിൽ ഇന്ന വ്യക്തി എന്റെ ഗോത്രത്തിൽ പെട്ടവനാണ്, ശേഖാണ്, ചൗധരിയാണ്, സയ്യദാണ്, പഠാനാണ്, രാജ്പൂതാണ് അതിനാൽ അയാൾക്ക് വോട്ടു നൽകാം എന്നത് ശരിയല്ല. ഒരു വർഗവും ജാതിയും ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന മാർഗ്ഗത്തിൽ അവലംബമാകരുത്. ഈ ജോലി എന്ത് കൊണ്ട് ചെയ്തില്ല എന്നതിൽ അല്ലാഹു ഭാരവാഹികളെ മാത്രമല്ല ചോദ്യം ചെയ്യുക മറിച്ച്, എന്തു കൊണ്ട് നീ നിന്റെ സമ്മതിദാനവകാശം ശരിയായ നിലയിൽ ഉപയോഗിച്ചില്ല എന്നതിൽ വോട്ടു നൽകുന്നവരും ചോദ്യം ചെയ്യപ്പെടുന്നതാണ്.

ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു,

اِنَّ اللّٰهَ نِعِمَّا يَعِظُكُمْ بِهٖ ؕ اِنَّ اللّٰهَ كَانَ سَمِيْعًۢا بَصِيْرًا അല്ലാഹു വളരെയധികം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു. ഇത് വോട്ട് നൽകുന്നവർക്കും കൂടിയുള്ളതാണ്. അഥവാ നിങ്ങൾക്ക് ആരെയെങ്കിലും സംബന്ധിച്ച ശരിയായ അറിവില്ലെങ്കിൽ അല്ലാഹുവിനോട് ദു:ആ ചെയ്യുക. അല്ലാഹുവേ! നിന്റെ ദൃഷ്ടിയിൽ ഉത്തമരായവർക്കായി വോട്ടു നൽകാൻ എനിക്ക് തൗഫീഖ് നൽകണെ. സദുദ്ദേശ്യത്തോടെ ചെയ്യപ്പെടുന്ന ദു:ആയെ സമീഉം ബസീറുമായ അല്ലാഹു കേൾക്കുന്നു. പറയുന്നു, അല്ലാഹു ബസീറും ആകുന്നു. നിങ്ങളുടെ കർമ്മങ്ങളിൽ അവന്റെ സൂക്ഷ്മദൃഷ്ടിയുണ്ട്. അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. ഹൃദയത്തിന്റെ പാതാളങ്ങളെ കുറിച്ച് പോലും അവനറിവുണ്ട്.

ചുരുക്കത്തിൽ അല്ലാഹുവിനോട് ദു:ആ ചെയ്തു കൊണ്ട് വിശ്വാസികളുടെ ജമാഅത്ത് ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ അല്ലാഹു വിശ്വാസികളുടെ സഹായിയായിത്തീരുന്നു. എല്ലാ കാര്യങ്ങൾക്കും മുന്നോടിയായി നാം ദു;ആ ചെയ്യുന്നു എന്നത് നമ്മുടെ ജമാഅത്ത് വ്യവസ്ഥിതിയുടെ സമ്പ്രദായമാണ്. തിരഞ്ഞെടുപ്പിന് മുൻപും ദു:ആ ചെയ്യുന്നു. അഥവാ ആത്മാർത്ഥരായി ക്കൊണ്ട് അല്ലാഹുവിൽ നിന്നും മാർഗ്ഗദർശനം തേടിക്കൊണ്ട് തിരഞ്ഞെടുപ്പ് പ്രക്രിയകൾ നടത്തുകയാണെങ്കിൽ അല്ലാഹു തന്റെ കാരുണ്യവും കൃപയും നൽകി അനുഗ്രഹിക്കുന്നു. അതിനാൽ വോട്ടു ചെയ്യുന്ന ഓരോരുത്തരും തങ്ങളുടെ സമ്മതിദാനാവകാശത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കുക. എല്ലാ വിധത്തിലുള്ള വ്യക്തിഗത താൽപര്യങ്ങൾക്കും, ഇഷ്ടങ്ങൾക്കും, ബന്ധങ്ങൾക്കും ഉപരിയായിക്കൊണ്ട് ഏതെങ്കിലും ജോലിക്കായി ആരെയെങ്കിലും തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കായി വോട്ടു നൽകുക.

തിരഞ്ഞെടുപ്പിൽ നിങ്ങൾ അഭിപ്രായമാണ് പറയുന്നത്, അന്തിമതീരുമാനം കാലത്തിന്റെ ഖലീഫയിൽ നിന്നാണ് ഉണ്ടാകുന്നത് എന്നത് പഴയ അഹ്മദികൾക്കറിയാം. എന്നാൽ നവ അഹ്മദികൾക്കും യുവാക്കൾക്കും ഇതിനെ കുറിച്ച് അറിവുണ്ടായിരിക്കേണ്ടതാണ്. ചില സന്ദർഭങ്ങളിൽ ഭൂരിപക്ഷ വോട്ട് ഉണ്ടായിരുന്നിട്ടും ചില കാരണങ്ങളാൽ അയാൾക്ക് പകരം മറ്റാരെയെങ്കിലും ഭാരവാഹിത്വം ഏൽപ്പിക്കുന്നു. ചില പ്രാദേശിക ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന്റെ അംഗീകാരം ദേശീയ അമീർ നൽകുന്നു. നിയമം അതിന് അനുമതി നൽകുന്നുണ്ട് എന്നതും വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. ഭൂരിപക്ഷാഭിപ്രായത്തിന് എതിരായി തീരുമാനമെടുക്കാൻ അവർക്കവകാശമുണ്ട്. എന്നാൽ അമീറുമാർ ഭൂരിപക്ഷാഭിപ്രായത്തെ പൊതുവിൽ മാനിക്കേണ്ടതാണ്.

പ്രാദേശിക തിരഞ്ഞെടുപ്പിലും ദേശീയ അമീർ ആഗ്രഹിക്കുകയാണെങ്കിൽ ചില മാറ്റങ്ങൾ വരുത്താവുന്നതാണ് മറിച്ച്, നിയമം അതിനനുമതി നൽകുന്നുണ്ട് എന്നത് ഇംഗ്ലണ്ടിലും യൂറോപ്യൻ രാഷ്ട്രങ്ങളിലുള്ളവരും അമേരിക്ക, കാനഡ, ഓസ്ട്രേലിയ എന്നീ രാഷ്ട്രങ്ങളിലുള്ളവരും നോട്ട് ചെയ്യേണ്ട ഒരു വസ്തുതയാണ്. എന്നാൽ ഞാൻ പേരുചരിച്ച രാഷ്ട്രങ്ങളിൽ ഇത്തവണത്തെ തിരഞ്ഞെടുപ്പിനായി എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ അവർ ആദ്യം എന്നോട് ചോദിക്കേണ്ടതാണ്. ഇവിടുന്ന് അനുമതി കരസ്ഥമാക്കേണ്ടതാണ്. അമീർമാർക്ക് സ്വയം മാറ്റം വരുത്താവുന്നതല്ല. ബാക്കി പാകിസ്ഥാൻ, ഭാരതം തുടങ്ങിയ മറ്റ് രാഷ്ട്രങ്ങളിൽ മുൻ നിയമമനുസരിച്ച് പ്രാദേശിക തിരഞ്ഞെടുപ്പിന്റെ അനുമതിക്കായി നടപടികൾ കൈ കൊള്ളാവുന്നതാണ്. എല്ലാ രാഷ്ട്രങ്ങളുടെയും ദേശീയ പ്രവർത്തക സമിതിക്കും മറ്റ് ഭാരവാഹികൾക്കുമുള്ള അനുമതി കാലത്തിന്റെ ഖലീഫയിൽ നിന്നാണ് കരസ്ഥമാക്കുന്നത്.

ഈ വചനത്തിൽ تُؤَدُّوا الْاَمٰنٰتِ اِلٰٓى اَهْلِهَا എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഭാരവാഹികൾക്കും കൂടിയുള്ളതാണ്. ചില സ്ഥാനം അല്ലെങ്കിൽ ജോലി തിരഞ്ഞെടുക്കപ്പെടാതെ നാമനിർദ്ദേശത്താൽ ഏൽപ്പിക്കപ്പെടുന്നു. ഉദാഹരണമായി സെക്രട്ടറി രിശ്തനാത്തയുടെ സ്ഥാനം, ഇതൊരു സേവനമാണ്. അല്ലെങ്കിൽ ചില വിഭാഗങ്ങളിൽ ചിലയാളുകൾക്ക് ജോലി നിർണ്ണയിക്കുന്നു. അമീർ ജമാഅത്ത്, ആല്ലെങ്കിൽ സദ്ർ ജമാഅത്ത്, അല്ലെങ്കിൽ ബന്ധപ്പെട്ട സെക്രട്ടറി എന്തെങ്കിലും കാരണത്താൽ ആർക്കെങ്കിലും ജോലി നൽകുകയാണെങ്കിൽ അത് വ്യക്തിപരമായ ഇഷ്ടത്താലും ബന്ധത്താലും മാത്രം നൽകരുത്. മറിച്ച് ജമാഅത്തംഗങ്ങളുടെ വിശദമായ പരിശോധന നടത്തിയതിനു ശേഷം അവരിൽ ഏറ്റവും ഉത്തമരായവരെ ജോലിയേൽപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ ഇത് തന്നിഷ്ടമാകുന്നു. ഇസ്‌ലാമിൽ അത് അനിഷ്ടകരവുമാണ്. എന്നാൽ പ്രത്യക്ഷത്തിൽ കഴിവുള്ള തന്റെ സ്വന്തക്കാരനോ, സുഹൃത്തിനോ ആയ ഒരു വ്യക്തിയെ ജോലി ഏൽപ്പിക്കുകയാണെങ്കിൽ, ഇന്നയാൾ തന്റെ സ്വന്തക്കാർക്ക് സ്ഥാനം നൽകി എന്ന് അനാവശ്യമായി ചിലർ ആരോപിക്കാറുണ്ട്. അവർക്ക് ആരോപണം ഉന്നയിക്കുക ശീലമായിരിക്കും. എന്നാൽ അവർക്ക് അതിൽ പരാതി പറയേണ്ട ആവശ്യമില്ല. ഏതെങ്കിലും ഭാരവാഹികളുടെയൊ, ഏതെങ്കിലും അമീറിന്റെയൊ സ്വന്തക്കാരും ബന്ധക്കാരും ആകുക എന്നത് ഒരു പാപമല്ല. അക്കാരണത്താൽ ഒരു വ്യക്തിയും സേവനത്തിൽ നിന്ന് പിന്തള്ളപ്പെടാവതല്ല. ചിലരിൽ നിന്ന് ഇത്തരത്തിലുള്ള പരാതി വരാറുള്ളതിനാലാണ് ഞാനിക്കാര്യം വിശദമാക്കിയത്.

ഈ വചനത്തിൽ അല്ലാഹു തന്റെ ഭാരവാഹികളോട് പറയുന്നു, تَحْكُمُوْا بِالْعَدْلِ നീതിപൂർവ്വം തന്റെ ഭാരവാഹിത്വവും ചുമതലപ്പെടുത്തിയ ജോലിയും നിർവഹിക്കുക. അഥവാ നീതിപൂർവ്വമല്ലെങ്കിൽ ഭിന്നത ഉടലെടുക്കുന്നതാണ്. സ്വന്തക്കാരെ പരിഗണിക്കുകയാണെങ്കിൽ, അല്ലെങ്കിൽ ഒരു പ്രവർത്തകനോട് ആവശ്യത്തിലധികം ചോദ്യങ്ങളും, മറ്റൊരാളെ അനാവശ്യമായി കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുകയാണെങ്കിൽ നീതി നിലനിൽക്കില്ല. നീതി നിലനിൽക്കുന്നില്ലെങ്കിൽ പ്രവർത്തനങ്ങളിൽ അനുഗ്രഹം ഉണ്ടാകുന്നതല്ല. സൽപരിണാമത്തിന് പകരമായി ദുഷ്പരിണാമം ഉണ്ടാകുന്നു. ഇത് പ്രവർത്തിക്കുന്നവരുടെ മാത്രം പ്രശ്നമല്ല. മറിച്ച് എല്ലാ ജമാഅത്തംഗങ്ങളോടും നീതിയിലധിഷ്ടിതമായ ബന്ധമുണ്ടായിരിക്കണം. തീരുമാനം അതിനനുസരിച്ചായിരിക്കണം. ഇന്ന വ്യക്തി ഇന്നയാളുടെ സുഹൃത്താണ്, അല്ലെങ്കിൽ ഇന്നയാളുടെ സ്വന്തക്കാരനാണ്, അല്ലെങ്കിൽ ഇന്ന കുടുംബത്തിലേതാണ്, അതിനാൽ അയാളോടുള്ള പെരുമാറ്റം വേറൊരു തരത്തിലും മറ്റുള്ളവരോട് മറ്റൊരു തരത്തിലും പെരുമാറാൻ പാടുള്ളതല്ല. അങ്ങിനെയാണെങ്കിൽ ഇത് ജമാഅത്തിൽ അസ്വസ്ഥത ഉളവാക്കുന്നതാണ്. അതുപോലെ കാലത്തിന്റെ ഖലീഫ റിപ്പോർട്ടിനായി പറയുമ്പോൾ റിപ്പോർട്ടും സത്യമായിരിക്കണം. تَحْكُمُوْا بِالْعَدْلِ എന്നതാണ് കൽപന. എന്നാൽ കാലത്തിന്റെ ഖലീഫയ്ക്ക് തെറ്റായ റിപ്പോർട്ടാണ് നൽകുന്നതെങ്കിൽ കാലത്തിന്റെ ഖലീഫയിൽ നിന്നും തെറ്റായ തീരുമാനം ഉണ്ടാകുന്നതാണ്. സ്വയം തെറ്റുകാരനാണെന്ന തിനോടൊപ്പം തെറ്റായ തീരുമാനം എടുപ്പിച്ചു കൊണ്ട് അവർ അതിനെയും തന്നൊടൊപ്പം തെറ്റുകാരനാക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

അതിനാൽ എപ്പോഴും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ

ഇക്കാര്യങ്ങളെ പരിഗണിക്കേണ്ടതാണ്. ഓരോ ജോലിയും ഓരോ ദീനി സേവനവും അങ്ങേയറ്റം വിചിന്തനം നടത്തിക്കൊണ്ടും സത്യസന്ധതയോടു കൂടിയും നിർവ്വഹിക്കേണ്ടതാണ്. ചുരുക്കത്തിൽ പദവി ഒരു വലിപ്പത്തരമല്ല. മറിച്ച് വലിയൊരു ഉത്തരവാദിത്വമാണ്. ദു:ആയോടു കൂടി തങ്ങളുടെ ഉത്തരവാദിത്വത്തെ നിറവേറ്റേണ്ടതാണ്. അല്ലാഹു പറയുന്നു, അവൻ **സമീഅ്** ആകുന്നു. നിങ്ങളുടെ ദു:ആകൾ കേൾക്കുന്നു. പ്രത്യേകിച്ച് അല്ലാഹുവിന്റെ കൽപനകളെ പൂർത്തിയാക്കുന്നതിനായി ദു:ആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ സഹായം നിശ്ചയമായും കൂടെയുണ്ടാകുന്നു. അല്ലാഹു വോട്ടു നൽകുന്നവരെ, അഭിപ്രായം പറയുന്നവരെ നല്ലപോലെ വീക്ഷിക്കുന്നവനാണ് എന്നത് പോലെ തന്നെ ഭാരവാഹികളെയും അവൻ നല്ലപോലെ വീക്ഷിക്കുന്നു. അഥവാ സ്വന്തം ഉത്തരവാദിത്വം നിറവേറ്റുന്നില്ലായെങ്കിൽ, നീതിയിലും ന്യായത്തിലും അധിഷ്ഠിതമായ തീരുമാനം കൽപ്പിക്കുന്നില്ലയെങ്കിൽ, നിങ്ങളുടെ പ്രവർത്തനങ്ങളെ അവയുടെ കടമകളെ നിറവേറ്റിക്കൊണ്ട് ചെയ്യുന്നില്ലായെങ്കിൽ എല്ലാം കാണുന്നവനായ അല്ലാഹു പറയുന്നു, നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മറുപടി പറയേണ്ടിവരും. അതിനാൽ, ഏതെങ്കിലും സേവനം ഏൽപ്പിക്കപ്പെടുന്നവർ ഭയപ്പെടേണ്ടതാണ്. ജനങ്ങൾ പദവിയെ വളരെ ആഗ്രഹിക്കുന്നു. ഇത് എത്ര വലിയ ഉത്തരവാദിത്വമാണെന്നും, അതിന്റെ കടമകൾ നിറവേറ്റുന്നില്ലായെങ്കിൽ അല്ലാഹുവിന്റെ അനിഷ്ടത്തിന് പാത്രമാകുന്നതാണെന്നുമുള്ള അറിവുണ്ടെങ്കിൽ ഓരോ ഭാരവാഹിയും മറ്റുള്ളവരേക്കാൾ അധികമായി ദിനരാത്രങ്ങളിൽ ഇസ്ത്ഗ്ഫാർ ചെയ്യുന്നവരാകുമായിരുന്നു.

വോട്ട് കരസ്ഥമാക്കിയതിന് ശേഷം, അല്ലെങ്കിൽ ഭാരവാഹിക്കുള്ള അംഗീകാരം വന്നതിനു ശേഷം, തങ്ങൾ സ്വതന്ത്രരാകുന്നില്ലെന്നത് ഓരോ ഭാരവാഹിയും ഓർക്കേണ്ടതാണ്. മറിച്ച്, എത്തരത്തിലുള്ള ബന്ധനത്തിലാണ് അകപ്പെട്ടതെന്നാൽ അതിനെ നിർവ്വഹിക്കാത്ത അവസ്ഥയിൽ അല്ലെങ്കിൽ തങ്ങളുടെ കഴിവുകളും യോഗ്യതകളും അനുസരിച്ച് നിർവ്വഹിക്കാത്ത അവസ്ഥയിൽ അല്ലാഹുവിന്റെ അനിഷ്ടം സമ്പാദിക്കുന്നവരായിത്തീരാവുന്നതാണ്. ഓരോ ഭാരവാഹിയും എല്ലാ ജമാഅത്തംഗങ്ങളോടുമുള്ള കടമകൾ നിർവ്വഹിക്കേണ്ടതാണ്. ഞാൻ ജമാഅത്തിന്റെ ഒരു ഭാരവാഹിയാണ്, എന്റെ ഏതെങ്കിലും ദൗർബല്യം ജമാഅത്തിൽ പ്രഭാവം ചെലുത്തിയേക്കാം, അല്ലെങ്കിൽ ജമാഅത്തിന്റെ ദുഷ്പേരിന് കാരണമായേക്കാം. അതിനാൽ ഈ ഉത്തരവാദിത്വം നിറവേറ്റേണ്ടതാണെന്ന് ഓരോ ഭാരവാഹിയും ചിന്തിക്കേണ്ടതാണ്. പിന്നീട് തങ്ങളുടെ മാതൃക സ്ഥാപിച്ചു കൊണ്ട് ദീനി കടമളോടൊപ്പം തന്നെ ഭൗതിക കടമകളുടെയും മാതൃക സ്ഥാപിക്കേണ്ടതാണ്. ഇതെന്റെ സ്വന്തം കാര്യമാണ്, ഞാനിഷ്ടം പോലെ ചെയ്യും, ജമാഅത്തിന് ഇതുമായി യാതൊരു ബന്ധവുമില്ല, ഞാൻ സ്വതന്ത്രനാണ്, എനിക്കിഷ്ടമുള്ളത് ചെയ്യാം എന്നാർക്കും പറയാൻ കഴിയില്ല. അയാളുടെ വ്യക്തിത്വം ഇപ്പോൾ എല്ലാ കാര്യങ്ങളിലും ജമാഅത്തിന്റെ ഗുണത്തിനനുസൃതമാണ് എന്ന് എല്ലാ ഭാരവാഹികളും മനസ്സിലാക്കേണ്ടത്. ജമാഅത്തിലെ എല്ലാ ഭാരവാഹികളിലും ഈ ചിന്ത ഉടലെടുക്കേണ്ടതാണ്. ഇത്തരത്തിൽ ചിന്തിക്കുന്നവരെയാണ് വോട്ടു ചെയ്യുന്നവർ തിരഞ്ഞെടുക്കേണ്ടത്. മറ്റ് വാക്കുകളിൽ പറയുകയാണെങ്കിൽ, തഖ്‌വയുടെ (ദൈവഭക്തിയുടെ) നിലവാരം ഉന്നതമായിട്ടുള്ള വ്യക്തിയെ ഭാരവാഹിയാക്കാൻ ശ്രമിക്കേണ്ടതാണ്.

ഇക്കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിച്ചു കൊണ്ട് തഖ്‌വയുടെ നിലവാരത്തെ ഉയർത്തുന്നവരാണെന്ന വാദം നമുക്കുണ്ടെങ്കിൽ, നമ്മിൽ ഏൽപ്പിച്ചിരിക്കുന്ന അമാനത്തുകളോടുള്ള കടമകൾ മറ്റുള്ളവരെക്കാൾ ഉത്തമരായി നിറവേറ്റുന്നവരാണെന്ന വാദമുണ്ടെങ്കിൽ, വളരെ ചിന്തിച്ചു കൊണ്ട് ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങളെ നിറവേറ്റേണ്ടതുണ്ട്.

അല്ലാഹു പറയുന്നു, وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ۝ (23.9) അവർ തങ്ങളുടെ അമാനത്തുകളെയും കരാറുകളെയും പാലിക്കുന്നവരാകുന്നു. അല്ലാഹുവിന്റെ ഈ കല്പന എല്ലാവരും തങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് ഓർക്കേണ്ടതാണ്. അശ്രദ്ധരായിക്കൊണ്ട് തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന അമാനത്തുകളെ നിറവേറ്റുകയല്ല വേണ്ടത്. മറിച്ച്, ആഴത്തിലേക്കിറങ്ങിച്ചെന്ന് എല്ലാ സൂക്ഷ്മതകളെയും പരിഗണിച്ചു കൊണ്ട് തങ്ങളുടെ ജോലി നിർവ്വഹിക്കേണ്ടതാണ്. സ്വന്തം പ്രവർത്തനങ്ങളിൽ സൂക്ഷ്മത പാലിക്കുന്നവരെയാണ് വോട്ടു ചെയ്യുന്നവർ തിരഞ്ഞെടുക്കേണ്ടത്. തെരെഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ സകല കഴിവുകളെയും വിനിയോഗിച്ചുകൊണ്ട് ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വത്തിന്റെ കടമകളെ നിറവേറ്റേണ്ടതാണ്. ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്ന പ്രതിജ്ഞ ഏറ്റവും കൂടുതൽ പാലിക്കേണ്ടത് ഭാരവാഹികളാണ്. ഏതു തരത്തിലുള്ള ഭാരവാഹികളുമാകട്ടെ. സ്ഥാനത്തിനുള്ള ആഗ്രഹവും സേവനം ചെയ്യുന്നതിനുള്ള താൽപര്യവും ധാരാളം പേരിലുണ്ട്. സ്ഥാനം കരസ്ഥമാക്കുന്നതിനുള്ള ആഗ്രഹം ഉണ്ടാകരുത്. ഇത് ഇസ്ലാമിക അദ്ധ്യാപനങ്ങൾക്കെതിരാണ്. സേവനത്തിനുള്ള താൽപര്യവും ആഗ്രഹവും ഉണ്ടെങ്കിൽ ഏൽപ്പിക്കപ്പെടുന്ന സേവനത്തെ അല്ലെങ്കിൽ സ്ഥാനത്തെ തങ്ങളുടെ എല്ലാ പ്രതിജ്ഞകളെയും പൂർത്തിയാക്കാതെ നിർവ്വഹിക്കാൻ സാധ്യമല്ലെന്നത് അത്തരത്തിലുള്ള ഭാരവാഹികൾ ഓർക്കേണ്ടതാണ്. പ്രതിജ്ഞകൾ എങ്ങിനെയാണ് പൂർത്തിയാകുന്നത്, അതിന്റെ നിലവാരം എങ്ങിനെയായിരിക്കും എന്നതിനെ സംബന്ധിച്ച് ഹ: മസീഹ് മൗഊദ് (അ) പറയുന്നു,

അല്ലാഹു وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ۝ (23.9) എന്ന വിശുദ്ധ വചനത്തിൽ പറയുന്നത്, ദോഷപ്രവണാത്മാവിന്റെ ആഗ്രഹത്തെ പരാജയപ്പെടുത്തി അതിന്റെ വികാരത്തിന് മേൽ ഇവർക്ക് മഹത്തായ വിജയം ലഭിച്ചു എന്ന ശ്രേഷ്ടത മാത്രമല്ല അവരിലുള്ളത് മറിച്ച്, അവർ കഴിവിന്റെ പരമാവധി, അല്ലാഹുവിന്റെയും അവന്റെ സൃഷ്ടികളെയും എല്ലാ അമാനത്തുകളുടെയും എല്ലാ കരാറുകളുടെയും സകല വശങ്ങളെയും പരിഗണിച്ചു കൊണ്ട് തഖ്‌വയുടെ അതിസൂക്ഷ്മമായ മാർഗ്ഗങ്ങളെ സ്വായത്തമാക്കാൻ ശ്രമിക്കുന്നു. കഴിവിന്റെ പരമാവതി ആ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നു. പറയുന്നു, ഈ ആയത്തിൽ വന്നിട്ടുള്ള **റാഊൻ** എന്ന പദത്തിന്റെ അർത്ഥം, പാലിക്കുന്നവർ എന്നാകുന്നു. ഈ പദം അറബി സാഹിത്യങ്ങളിൽ ഉപയോഗിക്കുന്നത്, ഒരു വ്യക്തി തന്റെ കഴിവുകളും യോഗ്യതയും അനുസരിച്ച് ഏതെങ്കിലും

കാര്യത്തിന്റെ സൂക്ഷ്മങ്ങളിലൂടെ സഞ്ചരിച്ചു കൊണ്ട് അത് സ്വായത്തമാക്കി, ആ കാര്യത്തിന്റെ എല്ലാ വശങ്ങളെയും സൂക്ഷ്മതകളെയും നിർവ്വഹിക്കാൻ ആഗ്രഹിക്കുമ്പോഴാണ്. ഒരു ഭാഗവും വിട്ടുകളയാൻ ആഗ്രഹിക്കുന്നില്ല.

ചുരുക്കത്തിൽ ഈ ആയത്തിന്റെ സംക്ഷിപ്തം ഇതാകുന്നു, ഒരു വിശ്വാസി തന്റെ കഴിവുകളനുസരിച്ച് തഖ്‌വയുടെ അതിസൂക്ഷ്മ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്നു. അമാനത്തിനെയും കരാറിനെയും സംബന്ധിച്ചുള്ള ഒരു കാര്യത്തെയും അവഗണിക്കാൻ ആഗ്രഹിക്കുന്നില്ല. എല്ലാത്തിനെയും പരിഗണിക്കുക എന്നത് അവരുടെ ലക്ഷ്യമാകുന്നു. പ്രത്യക്ഷത്തിൽ തങ്ങളെ സത്യസന്ധനെന്നും വിശ്വസ്ഥനെന്നും സ്ഥാപിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല മറിച്ച്, അറിയാതെ തങ്ങളിൽ നിന്ന് വിശ്വാസവഞ്ചന ഉണ്ടാകാതിരിക്കുന്നതിനായി അതിൽ ഉറച്ചു നിൽക്കുന്നു. ആന്തരികമായി തങ്ങളിൽ എന്തെങ്കിലും ന്യൂനതയോ കുറവോ ഇല്ലാതിരിക്കുന്നതിനായി തങ്ങളുടെ കഴിവനുസരിച്ച് എല്ലാ കാര്യങ്ങളും ശ്രദ്ധയോടെ വീക്ഷിച്ചു കൊണ്ടിരിക്കുന്നു. ഇതിന്റെ മറ്റൊരു പേരാണ് തഖ്‌വ.

പിന്നീട് അദ്ദേഹം പറയുന്നു, സംക്ഷിപ്തമിതാണ്. അല്ലാഹുവുമായോ സൃഷ്ടികളുമായോ ഉള്ള തന്റെ ബന്ധത്തിൽ അതിർലംഘിക്കാത്ത വിശ്വാസികൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏതെങ്കിലും പരാതിക്ക് പാത്രമാകും എന്ന ഭയത്താൽ തങ്ങളുടെ അമാനത്തുകളെയും കരാറുകളെയും സംബന്ധിച്ച് വളരെ ശ്രദ്ധ ചെലുത്തുന്നു. എപ്പോഴും തങ്ങളുടെ അമാനത്തുകളെയും കരാറുകളെയും പരിശോധിച്ച് കൊണ്ടിരിക്കുന്നു. തങ്ങളുടെ അമാനത്തുകളിലും കരാറുകളിലും രഹസ്യമായി എന്തെങ്കിലും ന്യൂനത ഉണ്ടാകാതിരിക്കുന്നതിനായി തഖ്‌വയുടെ ഭൂതക്കണ്ണാടിയിലൂടെ അതിന്റെ ആന്തരികാവസ്ഥയെ നിരീക്ഷിച്ച് കൊണ്ടിരിക്കുന്നു. അവരുടെ പക്കലുള്ള അല്ലാഹുവിന്റെ അമാനത്തുകൾ, ഉദാ: എല്ലാ കഴിവുകളും, എല്ലാ ശരീരഭാഗങ്ങളും, ജീവനും, സമ്പത്തും, ആദരവും തുടങ്ങിയവയെ കഴിവിന്റെ പരമാവതി തഖ്‌വയ്ക്കനുസൃതമായി വളരെ സൂക്ഷിച്ച് അതിന്റേതായ അവസരത്തിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. വിശ്വാസം കൈക്കൊണ്ട സമയത്ത് അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞയെ പരിപൂർണ്ണ സത്യസന്ധതയോടെ കഴിവിന്റെ പരമാവധി അതിനെ പൂർത്തിയാക്കുന്നതിനായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അതുപോലെ അവരുടെ പക്കലുള്ള സൃഷ്ടികളുടെ അമാനത്തുകളിൽ, അല്ലെങ്കിൽ അമാനത്തുകൾ എന്ന വിശേഷണത്തിന് കീഴിൽ വരുന്ന വസ്തുക്കളിൽ, അങ്ങേയറ്റം തഖ്‌വയോടു കൂടി പ്രവർത്തിക്കുന്നു. അഥവാ എന്തെങ്കിലും ഭിന്നത ഉണ്ടാകുകയാണെങ്കിൽ തഖ്‌വ പരിഗണിച്ചുകൊണ്ട് നഷ്ടം സംഭവിച്ചാലും അതിന് തീരുമാനം കൽപ്പിക്കുന്നു.

പറയുന്നു, മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യവും തഖ്‌വയുടെ അതിസൂക്ഷ്മ മാർഗ്ഗങ്ങളിൽ പദമൂന്നുമ്പോഴാണ്. തഖ്‌വയുടെ അതിസൂക്ഷ്മമാർഗ്ഗങ്ങൾ ആത്മീയ സൗന്ദര്യത്തിന്റെ നേർമയായ ചിത്രവും, സുന്ദരരൂപവുമാകുന്നു. അല്ലാഹുവിന്റെ അമാനത്തുകളെയും വിശ്വാസ പരിധിയെയും അങ്ങേയറ്റം പരിഗണിക്കുകയും തല മുതൽ പാദം വരെയുള്ള എല്ലാ ശരീരഭാഗങ്ങളെയും, അതിൽ പ്രത്യക്ഷ രൂപത്തിൽ കണ്ണുകളും, കാതുകളും, കയ്യും, കാലും മറ്റ് അവയവങ്ങളുമാണ്, ആന്തരിക നിലയിൽ ഹൃദയവും മറ്റ് കഴിവുകളും, സ്വഭാവവുമാണ്. അതിനെയെല്ലാം കഴിവിന്റെ പരമാവധി ഉചിതമായ അവസരത്തിൽ ഉപയോഗിക്കുക. അനുചിതമായ ഉപയോഗത്തിൽ നിന്ന് തടയുക. അതിന്റെ ഗോപ്യമായ അക്രമണത്തിൽ നിന്ന് ജാഗ്രതരായിരിക്കുക. അതിനു പകരമായി സൃഷ്ടികളോടുള്ള കടമകളെയും പരിഗണിക്കുന്നു. ഇതാണ് മനുഷ്യന്റെ സർവ്വ ആത്മീയ സൗന്ദര്യവുമായി ബന്ധപ്പെട്ട മാർഗ്ഗം.

അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വയെ വസ്ത്രമായിട്ടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. **ലിബാസു തഖ്‌വ** എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. അത്മീയ സൗന്ദര്യവും ആത്മീയ അലങ്കാരവും തഖ്‌വയിൽ നിന്നാണ് ഉടലെടുക്കുന്നത് എന്നാണ് അത് സൂചിപ്പിക്കുന്നത്. മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും, വിശ്വാസപ്രതിജ്ഞയെയും, അതു പോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളെയും കരാറുകളെയും കഴിവിന്റെ പരമാവധി പരിഗണിക്കുക എന്നതാണ് തഖ്‌വ. അതായത് അതിന്റെ അതിസൂക്ഷ്മങ്ങളായ വശങ്ങളെ പോലും പ്രാവർത്തികമാക്കുക. അതിനാൽ തഖ്‌വയുടെ നിലവാരം ഉന്നതമാക്കാത്തതുവരെ തങ്ങളുടെ അമാനത്തുകളുടെയും കരാറുകളുടെയും കടമ പൂർത്തിയാക്കുന്നതല്ല. ഈ അമാനത്തുകൾ ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞതു പോലെ അല്ലാഹുവിന്റേതും ദാസരുടെയും ഉണ്ട്. ഒരു ഭാരവാഹി വിശേഷിച്ച് രണ്ട് തരത്തിലുള്ള അമാനത്തുകളെയും വിശ്വസ്ഥനായി ഗണിക്കപ്പെടുന്നു. അങ്ങിനെയാണ് വേണ്ടത്. അതിനാൽ തങ്ങളുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന ജമാഅത്തംഗങ്ങളുടെ ശ്രദ്ധയെ വീണ്ടും ക്ഷണിച്ചു കൊണ്ട് ഞാൻ പറയുകയാണ്, അല്ലാഹുവിനോട് ദു:ആ ചെയ്തുകൊണ്ട്, രണ്ട് തരത്തിലുള്ള അമാനത്തുകളുടെയും കരാറുകളുടെയും കടമ നിറവേറ്റുന്നവർക്ക് വോട്ട് രേഖപെടുത്തുക. ജമാഅത്തിന്റെ എല്ലാതരത്തിലുമുള്ള തഖ്‌വയുടെ നിലവാരം ഉയരുമ്പോഴാണ് ഇത് സാധ്യമാകുക. എല്ലാ വോട്ടുചെയ്യുന്നവരുടെയും തഖ്‌വയുടെ നിലവാരം ഉന്നതമാകുമ്പോഴാണ് ഈ അവസ്ഥ സംജാതമാകുക. അതിനാൽ ജമാഅത്തിലെ ഓരോ അംഗവും തന്റെ അന്തരാളങ്ങളിലേക്ക് എത്തിനോക്കിക്കൊണ്ട് തങ്ങളുടെ നിലവാരങ്ങളെ ഉന്നതമാക്കാൻ ശ്രമിക്കേണ്ടതാണ്.

ഭാരവാഹികളെ ജമാഅത്തംഗങ്ങളാണ് തിരഞ്ഞെടുക്കുന്നതെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. ജമാഅത്തംഗങ്ങളിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെടുന്നത്. അതിനാൽ ചില ഗുണങ്ങൾ വിശ്വാസി എന്ന നിലയിൽ നമ്മിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രത്യേകിച്ച് ഭാരവാഹികളിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിനെ കുറിച്ച് ഞാൻ പരാമർശിക്കുന്നതാണ്.

കരാറുകളെ പാലിക്കുന്ന കാര്യത്തിലേക്കാണ് ആദ്യമായി ശ്രദ്ധ ക്ഷണിക്കുന്നത്. ജമാഅത്തിൽ കരാറുകളെ പാലിക്കുന്ന നിലവാരം ഉന്നതമാക്കുമ്പോഴാണ് ഭാരവാഹികളുടെ കരാറുകളുടെ നിലവാരവും ഉയരുക. സൃഷ്ടികളുടെ അവകാശങ്ങളെ പൂർത്തിയാക്കുന്നതിൽ ദുർബലരായവർ തങ്ങളുടെ കരാറുകളെ പൂർത്തിയാക്കാത്തതിനാലാണ് കടമകൾ പാലിക്കാത്തത്. ഇതിനായി സ്വയം ശക്തമായ സഹനം

കൈകൊള്ളേണ്ടിവന്നാലും സഹിക്കേണ്ടതാണ്. അതാണ് ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞത്. കടമ നിറവേറ്റാൻ പരിശ്രമിക്കേണ്ടതാണ്. ധാരാളം കച്ചവട കരാറുകളുമുണ്ട്. ആക്ഷേപിക്കുന്നവർ പെട്ടെന്ന് ആരോപണം ഉന്നയിക്കാറുണ്ട്. എന്നാൽ സ്വന്തം കാര്യങ്ങൾ സുതാര്യമായിരിക്കില്ല. തൽഫലമായി സമൂഹത്തിൽ കലഹത്തിനുള്ള സന്ദർഭം സംജാതമാകുന്നു. ഇസ്‌ലാം ഒരു സമാധാന കാംക്ഷിയായ മതമാകുന്നു. ഇതിൽ എത്രത്തോളം ഊന്നൽ നൽകിയിരിക്കുന്നുവോ അത്രത്തോളം തന്നെ മുസ്‌ലിംകളിൽ കരാർ ലംഘനത്തിന്റെയും കലഹങ്ങളുടെയും മാതൃകൾ കാണപ്പെടുന്നു. ഈ സമുദായത്തിൽ ജീവിക്കുന്ന കാരണത്താൽ അഹ്മദികളായ നമ്മിലും അത് സ്വാധീനം ചെലുത്തുന്നു. കരാർ കേവലം പുറത്തുള്ള കച്ചവടസംബന്ധമായ കരാർ മാത്രമല്ല. മറിച്ച് അകത്തും പുറത്തുമുള്ള കരാറുകളുണ്ട്. വീട്ടിലുള്ള കരാറുമുണ്ട്. ഭാര്യാഭർതൃ വിവാഹബന്ധവും ഒരു കരാറാകുന്നു. അതിൽ പരസ്പരം വഞ്ചിക്കുന്നു. ചിലർ ജമാഅത്തീ ജോലികൾ വളരെ നല്ല രീതിയിൽ നിർവ്വഹിക്കുന്നു. ഞാനിത് മുൻപും പറഞ്ഞിട്ടുണ്ട്. എന്നാൽ വീട്ടുകാരുടെ അവകാശങ്ങൾ പൂർത്തിയാക്കുന്നില്ല. ഇതും തങ്ങളുടെ കരാറുകളിൽ നിന്നുള്ള മുഖം തിരിക്കലാണ്. അല്ലെങ്കിൽ അത് പരിപാലിക്കുന്നതിൽ നിന്നുള്ള പിൻതിരിയലാണ്. അല്ലാഹുവിന്റെ പക്കൽ അപരാധമാണ്. അല്ലാഹു പറയുന്നു, اِنَّ الْعَهْدَ كَانَ مَسْـُٔوْلًا എല്ലാ കരാറുകളെ സംബന്ധിച്ചും നിശ്ചയമായും ചോദിക്കപ്പെടുന്നതാണ്. യഥാർത്ഥ വിശ്വാസിയുടെ അടയാളമായി അല്ലാഹു പറഞ്ഞത് وَالْمُوْفُوْنَ بِعَهْدِهِمْ اِذَا عٰهَدُ അവർ ചെയ്യുന്ന കരാറുകളെ പൂർത്തിയാക്കുന്നവരാണ് എന്നാണ്. അതിനാൽ ഓരോ അഹ്മദിയും തങ്ങളുടെ സൽപ്രകൃതക്കാരനായ ഭാരവാഹിയെ തിരഞ്ഞെടുക്കണമെങ്കിൽ, എത്രത്തോളം സ്വയം തന്റെ കരാറുകളെ പൂർത്തിയാക്കുന്നവനാണ്, എത്രത്തോളം സ്വയം തന്റെ അമാനത്തുകളെ പാലിക്കുന്നവനാണ് എന്ന് സ്വയം ആത്മ പരിശോധന നടത്തേണ്ടതുണ്ട്. പിന്നീട് അല്ലാഹു പറയുന്നു. ഒരു സുന്ദരമായ സമുദായത്തിനായി പരസ്പര വികാരങ്ങളെ മാനിക്കേണ്ടത് അനിവാര്യമാകുന്നു. അത് കൊണ്ട് പറയുന്നു,

وَلَا تَلْمِزُوْٓا اَنْفُسَكُمْ وَلَا تَنَابَزُوْا بِالْاَلْقَابِ നിങ്ങൾ പരസ്പരം അപകീർത്തിപ്പെടുത്തരുത് പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. تَلْمِزُوْٓ എന്നതിന് അപകീർത്തിപ്പെടുത്തുക എന്നർത്ഥം മാത്രമല്ല ഉള്ളത്. വിശാലമായ അർത്ഥമുണ്ട്. ചില ഭാരവാഹികൾ തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുന്നില്ല. ചിലപ്പോൾ ജോലിക്കാരനോട്, ചിലപ്പോൾ തന്റെ സുഹൃത്തുക്കളോട് തന്നെ വിഷമിപ്പിക്കുന്ന വാക്കുകൾ പറയുന്നു. ചിലപ്പോൾ ദുർബലവിശ്വാസി ഭാരവാഹിക്കെതിരിൽ മാത്രമല്ല മറിച്ച്, ജമാഅത്ത് സംവിധാനത്തെ കുറിച്ചും നിരാശനാകുന്നു. അല്ലാഹു പറയുന്നു وَلَا تَلْمِزُوْٓ ഇതിന്റെ വിവിധ അർത്ഥങ്ങളുണ്ട്. ഉദാഹരണമായി, ഉന്തുക, ആരെയെങ്കിലും നിർബന്ധിക്കുക, അടിക്കുക, ആരിലെങ്കിലും ആരോപണം ഉന്നയിക്കുക, തെറ്റായ നിരൂപണം നടത്തുക, മറ്റുള്ളവരുടെ ന്യൂനതയെയും ദൗർബല്ല്യത്തെയും അന്വേഷിക്കുക, ആരെയെങ്കിലും സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറയുക, മറ്റുള്ളവർക്ക് മോശമായി തോന്നുന്ന തരത്തിൽ സംസാരിക്കുക. ചുരുക്കത്തിൽ ഭാരവാഹികൾ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ലായെങ്കിൽ ആർക്കെതിരിലാണോ അത്തരത്തിൽ പെരുമാറുന്നത് അയാളുടെ ഹൃദയത്തിൽ ആ ഭാരവാഹിയെയും ജമാഅത്ത് സംവിധാനത്തെയും കുറിച്ച് വികാരം ജനിക്കുകയല്ലാതെ മറ്റെന്താണ് സംഭവിക്കുക. അതുപോലെ وَلَا تَنَابَزُوْا بِالْاَلْقَابِ എന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ആർക്കെങ്കിലും ഇഷ്ടമല്ലാത്ത പേരിൽ വിളിക്കുന്നതിനു പകരം എല്ലാവരോടും ആദരവോടും ബഹുമാനത്തോടും പെരുമാറുക. ഒരു ഭാരവാഹിയിൽ ഉണ്ടായിരിക്കേണ്ട വളരെ വലിയ ഒരു ഗുണമാണിത്. ഇത് ഒരു പൊതുവായ കൽപനയാണ്. എല്ലാ വിശ്വാസികളും ഇത് പ്രാവർത്തികമാക്കേണ്ടതാണ്. അവന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൽ സ്നേഹവും ഇഷ്ടവും ജനിപ്പിക്കുന്നതായിരിക്കണം. എന്നാൽ ഭാരവാഹികൾ പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതാണ്.

പിന്നെ ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഒരു ഗുണം ജമാഅത്തിന്റെ സമ്പത്തിനെ വളരെ സൂക്ഷമതയോടു കൂടി ചെലവഴിക്കുക എന്നതാണ്. ഒരു തരത്തിലും അമിത ചെലവ് ഉണ്ടാകരുത്. അതിനാൽ ചിലവ് കൂടുതലുണ്ടാകുന്ന വലിയ ബജറ്റുള്ള വിഭാഗങ്ങൾ, ബജറ്റ് മാത്രം നോക്കാരുത്. മറിച്ച് കുറഞ്ഞ ചെലവിൽ കൂടുതൽ പ്രയോജനം എങ്ങിനെയുണ്ടാകും എന്നതാണ് നോക്കേണ്ടത്.

ഉദാഹരണമായി അതിഥിസൽക്കാര വിഭാഗം, ലങ്കറിന്റെ വിഭാഗം, ജൽസാസാലാനയുടെ വിഭാഗങ്ങൾ. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ലങ്കർ ലോകത്ത് മിക്കവാറും എല്ലായിടത്തും വിശാലമായിക്കഴിഞ്ഞു. ജൽസാ സാലാനയുടെ വ്യവസ്ഥിയും ലോകത്ത് വ്യാപിച്ചു. ഈ രണ്ട് വിഭാഗത്തിന്റേയും കാര്യദർശികൾക്ക് ധാരാളം സൂക്ഷ്മതയുടെ ആവശ്യമുണ്ട്. ബജറ്റിൽ സാധ്യതയുണ്ടെങ്കിലും നിരീക്ഷണം നടത്തി കുറച്ച് ചിലവാക്കാൻ ശ്രമിക്കേണ്ടതാണ്. അമാനത്തിന്റെ കടമ ശരിയായ നിലയിൽ നിറവേറ്റുന്നതിനുള്ള മാർഗമാണിത്. ഹദ്റത് മസീഹ് മൗഊദ്(അ)ന് ധനം വരുന്നതിനെ സംബന്ധിച്ചോ അതിന്റെ ഒഴുക്കിനെ സംബന്ധിച്ചോ യാതൊരു ആശങ്കയും ഉണ്ടായിരുന്നില്ല. ശരിയായ നിലയിൽ ചെലവു ചെയ്യുന്നവരെക്കുറിച്ചുള്ള ചിന്തയാണുണ്ടായിരുന്നത്.

അതിനാൽ അമീർമാരും ബന്ധപ്പെട്ട ഭാരവാഹികളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് ഒരു ഭാരവാഹിക്കുണ്ടായിരിക്കേണ്ട ഗുണം, അത് എല്ലാ വിശ്വാസിയുടേയും അടയാളമാകുന്നു. ജമാഅത്തിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ട വ്യക്തിയുടെ ഏറ്റവും വലിയ ചുമതല അനാവശ്യകാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കലാണ്. അല്ലാഹു പറയുന്നു وَالَّذِيْنَ هُمْ عَنِ اللَّغْوِ مُعْرِضُوْنَ ۙ (23.4) അതായത് വിശ്വാസി നിരർത്ഥകങ്ങളായ കാര്യങ്ങളിൽ നിന്ന് അകന്ന് നിൽക്കുന്നു. വിശ്വാസികളിൽ നിന്ന് ഉത്തമരായവരുടെ നിലവാരം വളരെ ഉന്നതമായിരിക്കണം. അവർ എല്ലാ നിരർത്ഥകങ്ങളായ കാര്യങ്ങളിൽ നിന്നും തങ്ങളെ രക്ഷിക്കേണ്ടതാണ്. അനാവശ്യ സംസാരം പാടില്ല, പരിഹസിക്കുന്ന സദസ്സുകളിൽ ഇരിക്കുന്നത്, ചില ഭാരവാഹികളും ഇരുന്ന് പരസ്പരം മറ്റുള്ളവരുടെ കുറ്റങ്ങൾ പറയാറുണ്ട്, പരിഹസിക്കാറുണ്ട്. അതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. ദീനിസമ്പ്രദായങ്ങളെ പരിഗണിക്കാത്ത സദസ്സുകളിൽ ഭാരവാഹികൾ പങ്കെടുക്കരുത്. ഹദ്റത്ത്

മസീഹ് മൗഊദ്(അ) പറയുന്നു. ഇതിന്റെ അർത്ഥം, വിശ്വാസികൾ തങ്ങളെ വ്യർത്ഥമായ കാര്യങ്ങളിൽ അകറ്റിനിർത്തുന്നു എന്നതാണ്. വ്യർത്ഥമായ കാര്യങ്ങളിൽ നിന്ന് തങ്ങളെ അകറ്റി നിർത്തുന്നത് അല്ലാഹുവുമായുള്ള ബന്ധത്തിന് കാരണമായിത്തീരുന്നു. വ്യർഥമായ കാര്യങ്ങളിൽ നിന്ന് മനസ്സിനെ അകറ്റുന്നത് അല്ലാഹുവുമായി മനസ്സിനെ ബന്ധിപ്പിക്കലാണ്. അല്ലാഹുവുമായി ബന്ധം സുദൃഢമാവുമ്പോഴാണ് തഖ്‌വയുടെ നിലവാരവും ഉയരുന്നത്.

പിന്നീട് അല്ലാഹു പറയുന്നു ലുബ്ധ് ഒരു വിശ്വാസിക്കും ചേർന്നതല്ല. ഭാരവാഹികൾ അമിതചിലവിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. ചെലവുകളിൽ മിതത്വം പാലിക്കേണ്ടതാണ്, എന്നാൽ അതിനർത്ഥം ലുബ്ധനും പിശുക്കനും ആയിത്തീരുക എന്നല്ല. അനുയോജ്യമായ, ആവശ്യമായ സ്ഥലത്ത് ചെലവു ചെയ്യണം. എന്നാൽ ചിലർക്ക് വേണ്ടി അമിതമായി ചിലവഴിക്കുകയും, മറ്റ് ചിലർക്കായി തികച്ചും ലുബ്ധ് കാണിക്കുകയും ചെയ്യരുത്.

ഭാരവാഹികൾക്ക് പ്രത്യേകിച്ച് ഉണ്ടായിരിക്കേണ്ട മറ്റൊരു ഗുണം, കോപത്തെ നിയന്ത്രിക്കുക എന്നതാണ്. **കാളിമീനൽ ഗൈബ്** അല്ലാഹു പ്രത്യേക കൽപ്പന നല്കിയിരിക്കുന്നു. ചിലപ്പോൾ ചില അവസ്ഥയിൽ കോപം പ്രകടിപ്പിക്കുന്നു. എന്നാൽ കോപത്തെ നിയന്ത്രിക്കുന്നവരായിരിക്കണം. ജമാഅത്തിന്റെ ഗുണത്തിനായി സമുദ്ധാരണോദ്ദേശ്യത്തിനായി ചില സന്ദർഭങ്ങളിൽ കോപം പ്രകടിപ്പിക്കേണ്ടിയും വരുന്നു. എന്നാൽ നിസാരകാര്യങ്ങളിൽ കോപിക്കുകയും തന്നോടൊപ്പം പ്രവർത്തിക്കുന്നവരെ ആദരിക്കാതിരിക്കുകയും ചെയ്യുക എന്നത് ഒരു ഭാരവാഹിക്ക് ഒരു തരത്തിലും അംഗീകൃതമല്ല. അങ്ങിനെയാകരുത്. മറിച്ച് ഒരു നല്ല ഭാരവാഹി അല്ലാഹുവിന്റെ قُوْلُوْالِلنَّاسِ حُسْنًا എന്ന കൽപന മുന്നിൽ വെക്കേണ്ടതാണ്. ജനങ്ങളോട് സൗമ്യമായി, മൃദുവായി, സന്തോഷത്തോടെ വർത്തിക്കുക. ഭാരവാഹികളുടെ പെരുമാറ്റം ഈ നിലയിലാണെങ്കിൽ ഭാരവാഹികൾക്കെതിരിലുള്ള പരാതികൾ സ്വയം ഇല്ലാതാകുന്നു.

കൂടാതെ ഒരു ഭാരവാഹിയുടെ മറ്റൊരു പ്രത്യേകത, തന്നോടൊപ്പം പ്രവർത്തിക്കുന്നവരോടുള്ള സൽപെരുമാകുന്നു. ജമാഅത്തിന്റെ പദവി ഏതെങ്കിലും ഭൗതികപദവിയല്ല. ഓഫീസറും ജോലിക്കാരും എന്ന ബന്ധമല്ല. ജമാഅത്തിന് സേവനം ചെയ്യുന്നവർ അവർ ഓഫീസറോ ജോലിക്കാരോ ആകട്ടെ ഒരു വികാരാവേശത്താലാണ് സേവനം ചെയ്യുന്നത്. അതിനാൽ ഓഫീസർമാരും ഭാരവാഹികളും തങ്ങളോടൊപ്പം പ്രവർത്തിക്കുന്നവരോടൊപ്പം നല്ല നിലയിൽ പെരുമാറേണ്ടതാണ്. തെറ്റ് സംഭവിക്കുകയാണെങ്കിൽ സ്നേഹത്തോടുകൂടി പറഞ്ഞ് മനസ്സിലാക്കുക. ഭൗതിക ഓഫീസർമാരെ പോലെ ശക്തമായ ചോദ്യങ്ങളിലൂടെയല്ല. എന്നാൽ ജമാഅത്തിന് നഷ്ടം ഭവിക്കുന്ന തരത്തിൽ ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ ഉചിതമായ നിലയിൽ താക്കീത് നൽകേണ്ടതാണ്. എന്നിട്ടും തുടരുകയാണെങ്കിൽ അയാളെക്കൊണ്ട് ജോലിയെടുപ്പിക്കേണ്ടതില്ല. ഉന്നതഉദ്യോഗസ്ഥരെ അറിയിക്കുക. ജോലിയിൽ നിന്ന് ഒഴിവാക്കുക. എന്നാൽ അനാവശ്യമായി ഓഫീസിലോ ജോലിസ്ഥലത്തോ ഗ്രൂപ്പിസം ഉണ്ടാക്കുന്ന തരത്തിലുള്ള അവസ്ഥ ഉടലെടുക്കരുത്.

ഭാരവാഹികളിലുണ്ടാകേണ്ട ഉന്നതധാർമ്മികഗുണങ്ങളിൽ ഒന്ന് അതിഥികളെ ആദരിക്കുക എന്നതാണ്. ഭാരവാഹികളെ കാണുന്നതിനായി ഓഫീസിൽ വരുന്ന എല്ലാവരേയും ആദരവോടും ബഹുമാനത്തോടും കൂടി കാണേണ്ടതാണ്. ആദരവോടും ബഹുമാനത്തോടും കൂടി ഇരിപ്പിടം നൽകേണ്ടതാണ്. ഇത് വളരെ അനിവാര്യമായ കാര്യമാണ്. ഓഫീസിൽ വരുകയാണെങ്കിൽ എഴുന്നേറ്റ് നിന്ന് സ്വീകരിക്കണം. ഈ ധാർമ്മികഗുണം തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്കും ജമാഅത്തിന്റെ സ്ഥിരം ജോലിക്കാർക്കും അനിവാര്യമായ ഘടകമാണ്. ഇതിലൂടെ ആദരവ് വർദ്ധിക്കുകയാണ് ചെയ്യുന്നത്, കുറയില്ല.

പിന്നീട് ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങളിൽ ഒന്ന് എളിമയും, ഭവ്യതയുമാകുന്നു. പൊതുവിൽ എല്ലാവർക്കും പ്രത്യേകിച്ച് അഹ്മദിക്ക് ഭവ്യത പ്രകൃതത്തിന്റെ ഒരു സവിശേഷതയായിത്തീരേണ്ടതാണ്. എന്നാൽ ഒരു ഭാരവാഹിക്ക് പ്രത്യേകിച്ച് തന്നിൽ എളിമയും ഭവ്യതയും ഉണ്ടാക്കിയെടുക്കേണ്ടതാണ്.

അല്ലാഹു പറയുന്നു وَلَا تَمْشِ فِي الْاَرْضِ مَرَحًا ۚ ഭൂമിയിൽ നീ അഹന്ത കാട്ടി നടക്കരുത്. ഒരു സാധാരണ മനുഷ്യനിലും അഹംഭാവത്തെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അപ്പോൾ അല്ലാഹുവിന് വേണ്ടി തന്റെ സേവനങ്ങളെ സമർപ്പിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഒരു നിമിഷനേരത്തേക്ക് പോലും അല്ലാഹു അഹന്തയെ ഇഷ്ടപ്പെടില്ല. അതിനാൽ ഈ സവിശേഷത നമ്മുടെ എല്ലാ ഭാരവാഹികളും കൂടുതൽ കൂടുതലായി സ്വായത്തമാക്കേണ്ടതാണ്. അങ്ങേയറ്റം ഭവ്യതയോടു കൂടി പെരുമാറേണ്ടതാണ്.

തീരുമാനം എടുക്കുന്നതിനും, ജനങ്ങൾക്കിടയിൽ അനുനയത്തിനും രഞ്ജിപ്പിനുമുള്ള ജോലി ഏൽപ്പിക്കപ്പെട്ട ഭാരവാഹികൾ, ഇസ്‌ലാഹി കമ്മിറ്റികൾ, ഖളാകൾ എന്നിവർ اِعْدِلُوْا ۗ هُوَ اَقْرَبُ لِلتَّقْوٰى എന്ന അല്ലാഹുവിന്റെ കല്പനയെ എപ്പോഴും ഓർക്കേണ്ടതാണ്. അതായത് നീതി പാലിക്കുക. അത് ദൈവഭക്തിക്ക് ഏറ്റവും സമീപസ്ഥമാകുന്നു. എല്ലാ തീരുമാനങ്ങളും നീതിയിലധിഷ്ഠിതമായതായിരിക്കണം. ചില സമയത്ത് ചില തീരുമാനങ്ങൾ എന്റെ പക്കൽ വരുന്നു. അതിൽ ഗഹനമായ വിചിന്തനം നടത്തിയിട്ടില്ല എന്ന കാണുന്നു. അത്തരത്തിൽ ആരെ സംബന്ധിച്ചാണോ തീരുമാനം കല്പിക്കപ്പെടുന്നത് അവരിൽ അസ്വസ്ഥത ഉളവാകുന്നു. തീരുമാനം കല്പിക്കപ്പെട്ട കാര്യത്തെ സംബന്ധിച്ച് ശരീഅത്തിന്റെ സ്പഷ്ടമായ കല്പനയുണ്ടെങ്കിൽ, ഇതിനെ സംബന്ധിച്ച് ശരീഅത്തിന്റെ കൽപനയുണ്ട് അതിനാൽ ഇന്ന തീരുമാനമെടുക്കുന്നു എന്നത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ച് ഖാളിമാർ ഇത് ശ്രദ്ധിക്കേണ്ടതാണ്. വിശേഷിച്ച് ആവശ്യക്കാരായ സാധുക്കളുള്ള പ്രദേശങ്ങളിലുള്ളവർ അവരെ ശ്രദ്ധിക്കേണ്ടതും അനിവാര്യമാണ്. തങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് അവരെ പരിപാലിക്കേണ്ടതും ബന്ധപ്പെട്ട അമീർമാരുടേയും ഭാരവാഹിയുടേയും ഉത്തരവാദിത്വമാണ്. ഇതിനായി അപേക്ഷകൾ ലഭിക്കേണ്ടത് അനിവാര്യമല്ല. സ്വയം നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇത് അമീർമാരുടേയും പ്രസിഡണ്ടുമാരുടേയും കടമയിൽ പെട്ടതാണ്.

എല്ലാ അമീർമാരുടേയും എല്ലാ ജമാഅത്ത് പ്രസിഡണ്ടുമാരുടേയും എല്ലാ ഭാരവാഹികളുടേയും ഒരു വലിയ ഉത്തരവാദിത്വം تَأْمُرُوْنَ بِالْمَعْرُوْفِ وَتَنْهَوْنَ عَنِ الْمُنْكَرِ ആകുന്നു. നല്ല കാര്യ ങ്ങളെ നിർദ്ദേശിക്കുകയും മോശമായ കാര്യങ്ങളിൽ നിന്ന് തടയുകയും ചെയ്യുക. അതിനാൽ تَأْمُرُوْنَ بِالْمَعْرُوْفِ وَتَنْهَوْنَ عَنِ الْمُنْكَرِ എന്നതിനെ എപ്പോഴും എല്ലാ ഭാരവാഹികളും ഓർത്തിരിക്കേണ്ടതാണ്. ഏതുവരെ എല്ലാ ഭാരവാഹികളും സ്വയം ആത്മപരിശോധന നടത്തിക്കൊണ്ട് തങ്ങളുടെ വാക്കുകളെയും കർമ്മങ്ങളേയും സമന്വയിപ്പിക്കുന്നില്ലയോ, തങ്ങളിൽ അല്ലാഹുവിന്റെ ഭയം സംജാതമാകുന്നില്ലയോ, അല്ലാഹു നമ്മുടെ ശ്രദ്ധയെ ക്ഷണിച്ച തഖ്‌വയുടെ മാർഗങ്ങളെ അന്വേഷിക്കുന്നില്ലയോ ഇത് സാധ്യമല്ല. തഖ്‌വയെ സംബന്ധിച്ച് ഒരിടത്ത് ഹദ്റത് മസീഹ് മൗ ഊദ്(അ) പറയുന്നു, ഏതാനും നന്മകൾ ചെയ്യുന്നതിന്റേയോ അല്ലെങ്കിൽ ഏതാനും തിന്മകളിൽ നിന്ന് വിട്ടുനിൽക്കുന്നതിന്റേയോ പേരല്ല തഖ്‌വ. മറിച്ച്, എല്ലാ വിധത്തിലുമുള്ള നന്മയെ കരസ്ഥമാക്കുകയും അതിനിസ്സാരമായ തിന്മയിൽ നിന്ന് പോലും വിട്ടുനിൽക്കുകയും ചെയ്യുക എന്നതാണ് തഖ്‌വ.

ഈ നിലവാരം കരസ്ഥമാക്കുമ്പോഴാണ് നന്മയെ ഉപദേശിക്കുന്നവരും തിന്മയെ തടയുന്നവരുമാകാൻ സാധിക്കുന്നത്. അമാനത്തിന്റെ കടമകൾ നിറവേറ്റുന്നവരായി മാറുന്നത്. അല്ലാഹു ജമാഅത്തംഗങ്ങൾക്കും, തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞതും തെരഞ്ഞെടുക്കാൻ പോകുന്നതുമായ എല്ലാ ഭാരവാഹികൾക്കും, എനിക്കും നമ്മുടെ അമാനത്തിന്റേയും കരാറിന്റെയും അവകാശങ്ങൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകിയനുഗ്രഹിക്കട്ടെ.

## PRINTED BOOKS

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 April 12 at : Baitul Futuh London
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: Nasarudheen A T , Shameem Ahmad
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**